# എം .ടി.എച്ച്. എസ് കുണ്ടറ




# കൈയ്യാപ്പ്

# താളുകളിലൂടെ

ഹെഡ്മിസ്ട്രസിൽ നിന്നും

മുഖമൊഴി

മഴ

INTERESTING FACTS

PLATONIC SOLIDS

പരിശ്രമിച്ചാൽ വിജയം

സ്വപ്നം

ഒഴുക്ക്

പേന കടലാസിനോട് പറഞ്ഞത്

തെറ്റ് സമ്മതിച്ചാൽ

മൊബൈൽ ഫോൺ

ഇന്റർനെറ്റ്

കുതിരയുടെ ആഗ്രഹം

വൈക്കം മുഹമ്മദ് ബഷീർ

മികവുകൾ



## ഹെഡ്മിസ്ട്രസിൽ നിന്നും

ലിറ്റിൽ കൈറ്റ്സിലെ പ്രിയപ്പെട്ട കുഞ്ഞുങ്ങളുടെ ഒത്തൊരുമയോടെയുള്ള പ്രവർത്തന ഫലമായി 2023 2024 വർഷത്തെ സ്കൂൾ പ്രവർത്തനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട്തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് ആശംസകൾ നേരുന്നു. ഇത്തരം ചുവടുവെപ്പുകൾ ജീവിതത്തിൽ വലിയ നേട്ടങ്ങൾ കൈവരിക്കാൻ ഇടയാകട്ടെ എന്ന് ആഗ്രഹിക്കുന്നു.എല്ലാ കുഞ്ഞുങ്ങളെയും നേതൃത്വം നൽകുന്ന അധ്യാപകരെയും അഭിനന്ദിക്കുന്നു.

# മുഖമൊഴി

വിവരസാങ്കേതിക വിദ്യയുടെ ലോകം വിസ്തൃതമാണ്.ജീവിതത്തിൻറെ എല്ലാ മേഖലകളിലും വിവരസാങ്കേതിക വിദ്യയുടെ സ്വാധീനം ദൃശ്യമാണ്.അനന്തമായ സാധ്യതയുടെ ഈ ലോകം നമ്മെ ബഹുദൂരം മുന്നിലെത്തിച്ചിരിക്കുന്നു.

വായനയുടെ ഒരു പുതിയ ലോകമാണ് ഇവിടെ അവതരിപ്പിക്കുന്നത്. കുട്ടികളുടെ 'സർഗാത്മ രചനകൾ ഡിജിറ്റൽ രൂപത്തിൽ അവതരിപ്പിക്കാനുള്ള ശ്രമമാണ് ഇത്.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സജീവമായ സഹകരണം ഈ സംരംഭത്തിന്റെ പിന്നിലുണ്ട്. നവ്യമായ വായനാനുഭവത്തിലേക്ക് കയ്യൊപ്പ് എന്ന മാസിക നിങ്ങളെ കൂട്ടിക്കൊണ്ടുപോകുന്നു .എല്ലാവർക്കും ഒരു നല്ല വായന അനുഭവം ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹത്തോടെ

എഡിറ്റോറിയൽ ബോർഡ്

# മഴ



മഴ തൻ താളം
എൻ മനസ്സിൽ താളം പ്രണയിച്ചിടും
ഞാൻ നിൻ ആരവം
കാറ്റിൽ ചാഞ്ചാട്ടും വയൽപൂക്കളും മഴപെണ്ണിൻ
കുളിർ ഏറ്റു വാങ്ങുന്നുവോ പുഴ മേലെ ഓളങ്ങൾ
അണയുന്നുവോ
കുടയെടുക്കാതെ നനയാൻ ഒരു മഴ സൂക്ഷിച്ചു
വെച്ചിട്ടുണ്ട്
ഞാൻ ഇപ്പോഴും മഴമേഘങ്ങൾ വാനിൽ
നിരന്നപ്പോൾ
ഒരു മയിലിനെ പോലെ നൃത്തംചവിട്ടിയെന്നുള്ളം
നിറങ്ങൾ പീലിവിരിച്ചപ്പോൾ മഴത്തുള്ളികൾ
സംഗീതമായി
പെയ്തു സായംസന്ധ്യയിൽ ഒരു കൊച്ചു സ്വപ്നം കണ്ടു
ഞാൻ മയങ്ങി ഉണർന്നപ്പോഴേക്കും മഴത്തുള്ളികൾ
ത്യക്ഷമായി
ഒരു മഴവില്ലിൻ മന്ദസ്മിതം വിണ്ണിൽ ഒളിച്ചു നോക്കി.

LINDA SUBI
STD VIIIB

## Interesting facts

1.A new word is added to the dictionary every two hours .

2 . English is spoken by 952 million people around the world

3.Most common letter in English is 'e '.

4. William Shakespeare had a great influence on the English language .

5. Most English grammar and spelling follow standardised rules.

6. Shortest ,oldest and the most commonly used to word is I.

7. There is a name for words that we repeat often.

VINAYAK U
STD 10B



ADHEENA A S
STD IX B

# Platonic solids

In Geometry a platonic solid is a convex regular polyhedron in three dimensional Euclidean space .Being a regular polyhedron means that the faces are congruent regular polygons and the same number of faces meet at each vertex.There are only 5 such polyhedra namely tetrahedron,cube, Octahedron Dodecahedron and Icosahedron.Geometers have studied the platonic solids for thousands years .They are named for the ancient Greek philosopher Plato,who hypothesized in one of his dialogues, the Timaeus is that the classical elements were made of these regular solids.Plato assigned the tetrahedron with its sharp points and edges to the element fire, the cube with its four square regularity to earth, the octahedron to air and icosahedron to water. The one remaining regular polyhedra ,the Dodecahedron with 12pentagonal faces to the heavens with 12 constellations .Because of Platos systematic development of theory of the universe based on the five regular polyhedra they became known as the platonic solids.



NEERAJ KRISHNAN S
STDNXB

## പരിശ്രമിച്ചാൽ വിജയം

കച്ചവടക്കാരനായ രാജു ഒരിക്കൽ ദൂരെ കച്ചവടം കഴിഞ്ഞ് മടങ്ങി വരികയായിരുന്നു. അപ്പോഴാണ് നല്ല തിളക്കമുള്ള ഒരു കല്ല് കണ്ടത് രാജു ആ കല്ല് വീട്ടിൽ കൊണ്ടു പോയി മേശപ്പുറത്ത് വെച്ചു. കുറച്ചുനേരം രാജു ആ കല്ല് നോക്കിയിരുന്നു. പെട്ടെന്ന് അവൻറെ മനസ്സിൽ ഒരു ചിന്ത തോന്നി. ആ മനോഹരമായ കല്ലുകൊണ്ട് ദൈവത്തിൻറെ പ്രതിമ ഉണ്ടാക്കാം എന്ന് കരുതി തനിക്ക് പരിചയമുള്ള ഒരു ശില്പിയെ ആ കല്ല് ഏൽപ്പിച്ചു കൊണ്ട് പറഞ്ഞു "എനിക്ക് ഇതിൽ ഒരു ദൈവത്തിൻറെ പ്രതിമ ഉണ്ടാക്കിത്തരണം". തീർച്ചയായും  പോയിട്ട് അടുത്തയാഴ്ച വരാൻ ശില്പി പറഞ്ഞു.രാജു പോയതിനു തൊട്ടു പിന്നാലെ ശില്പി തൻറെ പണി സാധനം കൊണ്ട് ഒന്നു കൊട്ടി അപ്പോൾ അദ്ദേഹത്തിന് മനസ്സിലായി ആ കല്ല് വളരെ കട്ടിയേറിയതാണ്. ആണ്.അദ്ദേഹം വീണ്ടും പണി ചെയ്യാൻ തുടങ്ങി. എന്നിട്ടും അത് പൊട്ടിക്കാൻ സാധിച്ചില്ല പിന്നെ അദ്ദേഹം ക്ഷീണിച്ചു പണി നിർത്തി 'പിറ്റേ ദിവസവും രാവിലെ പണി തുടങ്ങുകയും ക്ഷീണിച്ചു നിർത്തുകയും ചെയ്തു. ഇങ്ങനെ ഒരാഴ്ച കഴിഞ്ഞു പോയി രാജു പ്രതിമ വാങ്ങാൻ ചെന്നു. അപ്പോൾ ശില്പി പറഞ്ഞു "എന്നോട് ക്ഷമിക്കണം. ഈ കല്ല് പൊട്ടിക്കാൻ വളരെ പ്രയാസമാണ് ". ഇത് കേട്ട് രാജുവിന് വിഷമം തോന്നി അദ്ദേഹം ആ തിളക്കമുള്ള കല്ല് കൈയിലെടുത്ത് വീട്ടിലേക്ക് നടന്നു. പോകുന്ന വഴിയിൽ അദ്ദേഹം മറ്റൊരു ശില്പിയുടെ കയ്യിൽ  കല്ല് കാണിച്ച് തന്റെ ആഗ്രഹം അറിയിച്ചു. ആ ശില്പി  തന്റെ പണി സാധങ്ങൾ കയ്യിലെടുത്ത് അതിൽ ഒന്ന് ആഞ്ഞടിച്ചു.


അൽഭുതം പോലെ ആ കല്ല് പൊട്ടി. ഇത് കണ്ട് രാജുവിന് സന്തോഷമായി ശില്പി വളരെ വേഗം തന്നെ പ്രതിമ പണിത് രാജുവിന് നൽകി. പ്രതിമയുമായി പോകുമ്പോൾ രാജു ചിന്തിച്ചു "കഷ്ടം! ആദ്യത്തെ ശില്പി ഒരു ശ്രമം കൂടി നടത്തിയിരുന്നെങ്കിൽ ഈ പ്രതിമ അയാൾക്ക് ഉണ്ടാക്കാമായിരുന്നു പക്ഷേ അയാൾ അതിന് ശ്രമിക്കാതെ ലക്ഷ്യം ഉപേക്ഷിച്ചു " ' ഗുണപാഠം :പലരും ഇങ്ങനെയാണ് ' വളരെയധികം അധ്വാനിച്ചിട്ട് അത് ഫലവത്താകും മുമ്പേ നിരാശരായി തന്നെ ആ ശ്രമം ഉപേക്ഷിക്കും. പക്ഷേ അവസാനത്തെ ഒരു ശ്രമം ആയിരിക്കും നമ്മെ പലപ്പോഴും വിജയത്തിലേക്ക് എത്തിക്കുന്നത്. അതുകൊണ്ട് നിരാശരാകാതെ എപ്പോഴും ശ്രമം തുടരുന്നതാണ് വിജയിക്കാനുള്ള ഏകമാർഗ്ഗം

METILDA L
IX A

# സ്വപ്നം

സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ടഴിച്ചപ്പോൾ,
എനിക്കൊരു പൊൻതുവൽ കൈയിൽ കിട്ടി
എന്നോ നെയ്തുകൂട്ടിയ സ്വപ്നം ഇന്നും ഒരു
പൊൻ തുവലായി പ്രഭ ചൊരിഞ്ഞു
നിലകൊള്ളുന്നത്ര ഭാണ്ഡക്കെട്ടിനുള്ളിൽ
വീണ്ടും ഒളിപ്പിച്ചോട്ടെ ഇനിയും
അതേ പ്രൗഢിയിൽ നിലനിർത്താൻ .

Aaisha Nourine A
IX B




JYOTHISH M
STDIXA

# ഒഴുക്ക്

ഇന്നലെ നല്ല മഴയായിരുന്നു. കുത്തി ഒലിച്ച കലക്ക വെള്ളത്തിൽ നിന്ന് തെളിവെള്ളം തേടി മീനുകൾ ചെറു ചാലുകളിലേക്ക് നീന്താൻ തുടങ്ങി. മീനുകളെ കണ്ടതോടെ അവിടം മനുഷ്യ ചാകര ആയിക്കഴിഞ്ഞിരുന്നു. തൊട്ടടുത്ത വീട്ടിലെ മൂന്നാം ക്ലാസിൽ പഠിക്കുന്ന ഉണ്ണിക്കുട്ടൻ ചാലിന്റെ കരയിൽ കയ്യിലൊരു പാത്രവുമായി കൊതിയോടെ നോക്കി നിന്നു .അവൻറെ നിൽപ്പ് കണ്ടിട്ട് പാവം തോന്നിയ ദാസേട്ടൻ ബക്കറ്റിൽ കിടന്ന അവസാനശ്വാസം വലിച്ചുകൊണ്ട് കിടന്ന അഞ്ചാറെണ്ണത്തിനെ എടുത്ത് ഉണ്ണിക്കുട്ടന്റെ കൈയിലിരുന്ന പാത്രത്തിൽ ഇട്ടു കൊടുത്തിട്ട് പറഞ്ഞു "പോയി അമ്മയോട് വറുത്ത് തരാൻ പറ ..... കേട്ടോ " 'അവൻ സന്തോഷത്തോടെ വീട്ടിലേക്കോടി. അവൻറെ കൈയിൽ ഉണ്ടായിരുന്ന പാത്രത്തിലെ പിടയുന്ന മീനുകളെ തൻറെ അമ്മയെ കാണിച്ചിട്ട് അവന്റെ കുഞ്ഞി കണ്ണുകൾ വിടർത്തി അമ്മയോട് ചോദിച്ചു "അമ്മേ എൻറെ മീനുകൾക്ക് എന്താ തിന്നാൻ കൊടുക്കുന്നെ.....?"

Aswin Prakash IX B

# പേന കടലാസിനോട് പറഞ്ഞത്

മെയ്യിൽ പടർന്നൊരു മഷിയിലിന്നു
നീ ആനന്ദംകൊള്ളുമ്പോൾ
ഒരുപാടകലെ പടരാത്ത
മഷിയോർത്തിതാ ഞാൻ നീറുന്നു......

Arushi s
IX B

# തെറ്റ് സമ്മതിച്ചാൽ

കിരണും കീർത്തിയും അവരുടെ അമ്മൂമ്മയുടെയും അപ്പൂപ്പന്റെയും വീട്ടിൽ ഓണക്കാലത്ത് അവധി ആഘോഷിക്കുന്നതിനായി എത്തി. കിരൺ നല്ല വികൃതിയുള്ള കുട്ടിയായിരുന്നു. അവൻ എല്ലായിടത്തും കല്ലുകൾ എറിഞ്ഞ് കളിക്കുമായിരുന്നു. ഒരു ദിവസം അവൻ കല്ലെറിഞ്ഞു കളിച്ചുകൊണ്ടിരിക്കുമ്പോൾ ആ കല്ല് വീട്ടിൽ വളർത്തുന്ന മുയലിന്റെ തലയിൽ വീണു മുയൽ ചത്തു. ഇത് കണ്ടുവന്ന ചേച്ചിയായ കീർത്തന പറഞ്ഞു "അമ്മൂമ്മ അറിഞ്ഞാൽ നിനക്ക് നല്ല വഴക്ക് കിട്ടും " . ഇതുകേട്ട് കിരൺ നല്ലതുപോലെ പേടിച്ചു. അപ്പോൾ കീർത്തന പറഞ്ഞു "വേണമെങ്കിൽ ഞാൻ നിന്നെ സഹായിക്കാം ഞാൻ പറയുന്നതുപോലെ ചെയ്താൽ മതി " . തൻ്റെചേച്ചിയല്ലേ പേടിക്കേണ്ട എന്ന് കരുതി അവൻ സമ്മതിച്ചു .അങ്ങനെ അവർ അടുത്തുള്ള കുറ്റിക്കാട്ടിൽ അതിനെക്കൊണ്ട് കുഴിച്ചിട്ടു എന്നിട്ട് വീട്ടിൽ വന്നു. അപ്പോൾ അമ്മൂമ്മ കീർത്തനയോട് മുറ്റം തൂക്കാൻ പറഞ്ഞു. അപ്പോൾ കീർത്തന പറഞ്ഞു "അമ്മൂമ്മേ കിരണിന് അമ്മൂമ്മയെ സഹായിക്കണം എന്ന് പറഞ്ഞതേയുള്ളൂ " കീർത്തന  കിരണിനോട് പതുക്കെ പറഞ്ഞു "നീ ചെയ്തില്ലെങ്കിൽ മുയലിനെ കൊന്ന കാര്യം ഞാൻ പറഞ്ഞു കൊടുക്കും ". അപ്പോൾ അവന് മനസ്സിലായി തൻ്റെ ചേച്ചി തന്നെ ബ്ലാക്ക് മെയിൽ ചെയ്യുകയാണെന്ന് . മറ്റൊരു ദിവസം അപ്പൂപ്പൻ രണ്ടുപേരെയും  കുളത്തിൽ മീൻ പിടിക്കാൻ കൊണ്ടുപോകാൻ തുടങ്ങിയപ്പോൾ അമ്മൂമ്മ പറഞ്ഞു "കീർത്തനയെ ഇവിടെ നിർത്തിയിട്ട് പോകൂ അടുക്കളയിൽ ജോലിയുണ്ട് ".ഉടനെ കീർത്തന പറഞ്ഞു "അമ്മൂമ്മേ കിരണിന് അടുക്കള ജോലി വളരെ ഇഷ്ടമാണ് "  . ഇങ്ങനെ കീർത്തനയ്ക്ക് പറ്റുന്ന ജോലികളെല്ലാം അവൾ കിരണിനു കൊടുത്തിട്ട് പോന്നു. അങ്ങനെ ഒരു ദിവസം കിരൺ അമ്മൂമ്മയോട് തെറ്റ് ഏറ്റു പറഞ്ഞു. 'അപ്പോൾ അമ്മൂമ്മ അവനെ കെട്ടിപ്പിടിച്ചു പറഞ്ഞു "ഞാൻ നീ ചെയ്യുന്നതെല്ലാം ജനലിലൂടെ കണ്ടായിരുന്നു. അവൾ നിന്നെ മുതലെടുക്കുന്ന തെല്ലാം ഞാൻ കൗതുകപൂർവ്വം ശ്രദ്ധിക്കുകയായിരുന്നു. ഗുണപാഠം : ഒരു കൈയബദ്ധം പറ്റിയാൽ അത് ഏറ്റു പറയണം പകരം അത് ഒളിപ്പിക്കാൻ ശ്രമിച്ചാൽ പല കാര്യങ്ങളിലും വിട്ടുവീഴ്ച ചെയ്യേണ്ടിവരും

# മൊബൈൽ ഫോൺ

തുടക്കത്തിൽ ഒരു ആഡംബര വസ്തുവായിരുന്ന മൊബൈൽ ഫോൺ അഥവാ സെൽഫോൺ ഇന്ന് ഒരു നിത്യ ഉപയോഗ വസ്തുവായി മാറിക്കഴിഞ്ഞു. മൊബൈൽ ഫോണുകളുടെ ചരിത്രം രസകരമാണ്. ബെൽ ടെലിഫോൺ കമ്പനിയാണ് സെൽഫോണുകൾക്ക് തുടക്കമിട്ടത് .1956 ൽ സ്വീഡിഷ് കമ്പനിയായ എറിക്സൺ വാണിജ്യപരമായി ഉപയോഗിക്കാവുന്ന മൊബൈൽ ഫോണുകൾ നിർമ്മിച്ചു.



NITHEESH S
STD IXA




PRITHYU KRISHNA
STD IX A

# ഇൻറർനെറ്റ്

ലോകത്തിലെ 40% ത്തോളം ആളുകൾ ഇൻറർനെറ്റിന് സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇൻറർനെറ്റ് അഥവാ ഇൻറർനാഷണൽ നെറ്റ് വർക്ക് കണ്ണികളിൽ നിന്നും കണ്ണികളിലേക്ക് പടർന്നു കിടക്കുന്ന ഒരു നെറ്റ്വർക്ക് ശൃംഖലയാണ് '

# കുതിരയുടെ ആഗ്രഹം

ഒരിടത്ത് ഒരു കുതിര ഉണ്ടായിരുന്നു .കാണാൻ ഭംഗിയുള്ള കുതിരയ്ക്ക് സൗന്ദര്യം ഇനിയും വർദ്ധിപ്പിക്കണമെന്ന് തോന്നി. മറ്റുള്ളവർ തന്നെ കണ്ടാൽ അവർക്ക് ഇത്രയും നല്ല ശരീരമില്ല എന്ന് തോന്നുന്നു അങ്ങനെ ദൈവത്തോട് പ്രാർത്ഥിക്കാൻ തുടങ്ങി കുറെ കഴിഞ്ഞപ്പോൾ ദൈവം പ്രത്യക്ഷപ്പെട്ടു. അപ്പോൾ കുതിര പറഞ്ഞു ദൈവമേ മറ്റ കുതിരകളെക്കാൾ എനിക്ക് കുറച്ചു കൂടി സൗന്ദര്യവും കരുത്തും തരണം .എന്നെ കണ്ടാൽ എല്ലാവരും അസൂയയോടെ നോക്കണം അപ്പോൾ ദൈവം കുതിരയോട് ചോദിച്ചു ഇപ്പോൾ എന്ത് മാറ്റമാണ് ഞാൻ നിനക്ക് വരുത്തേണ്ടത് കുറച്ചുകൂടി നീളം ഉണ്ടായിരുന്നെങ്കിൽ നല്ല രസമായേനെ. പിന്നെ കാലുകൾക്ക് കുറച്ചുകൂടി നീളം കൂട്ടിയാൽ മറ്റുള്ളവരെക്കാൾ ഉയരത്തിൽ തലയുയർത്തി നടക്കാം. കുതിര തന്റെ മനസ്സിലെ ഈ ആഗ്രഹം ദൈവത്തോട് പറഞ്ഞു ദൈവം ഇത് കേട്ട് പറഞ്ഞു. ശരി അങ്ങനെ ആകട്ടെ ദൈവം കുതിരയെ അനുഗ്രഹിച്ചു കുതിര സന്തോഷിച്ച് ഒരു പുഴയുടെ അരികിലേക്ക് രൂപം കണ്ട് കുതിര തന്നെ കുതിര ഞെട്ടിപ്പോയി അപ്പോൾ കുതിര അവിടെ വച്ച് ദൈവം പ്രത്യക്ഷപ്പെട്ടു അപ്പോൾ കുതിര ദൈവത്തോട് പറഞ്ഞു ഇപ്പോൾ എന്നെ കണ്ടാൽ ഒരു ഉപയോഗമില്ലാത്ത ജിറാഫിനെ പോലെയായി അതുകൊണ്ട് എന്നെ പഴയതുപോലെ ആക്കണം .അപ്പോൾ ദൈവം പറഞ്ഞു ഞാൻ ഓരോരുത്തരെയും സൃഷ്ടിച്ചിരിക്കുന്നത് ഒരേ പോലെയാണ് ഇനി അതിൽ കൂടുതൽ വേണമെന്ന് ആഗ്രഹിച്ചാൽ ഉള്ളത് കൂടി പോകും ദൈവം കുതിരയെ പഴയതുപോലെ ആക്കി

ഗുണപാഠം :ദൈവം നമുക്ക് തന്നതുകൊണ്ട് തൃപ്തിയായാൽ ദൈവം നമുക്ക് ഇനിയും തരും. അതല്ല ഇനിയും വേണം എന്ന് ആഗ്രഹിച്ചാൽ ഉള്ളതുകൊണ്ട് പോകും

Aleena AS
9A

# വൈക്കംമുഹമ്മദ് ബഷീർ

ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ബഷീറിനെ മലയാള സാഹിത്യത്തിലെ നിത്യ വിസ്മയം എന്ന് വിശേഷിപ്പിക്കാറുണ്ട്. സ്വന്തം ജീവിതാനുഭവങ്ങൾ തൻറെ തന്നെ വാക്കുകളിലൂടെയും പ്രയോഗങ്ങളിലൂടെയും വായനക്കാരിൽ എത്തിക്കുകയായിരുന്നു ബഷീർ. വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ 1908 ജനുവരി 19ന് ജനിച്ചു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ച് ജയിൽ ശിക്ഷ അനുഭവിച്ചു. ബഷീറിൻറെ ആത്മകഥാപരമായ കൃതിയാണ് ഓർമ്മയുടെ അറകൾ' 1994 ജൂലൈ 5ന് അന്തരിച്ചു . ബാല്യകാലസഖി പാത്തുമ്മയുടെ ആട് മതിലുകൾ നേരിട്ടും നുണയും ആനപ്പൂട ചിരിക്കുന്ന മരപ്പാവ ഭൂമിയുടെ അവകാശികൾ തുടങ്ങി മുപ്പത്തിലധികം കൃതികൾ രചിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, പത്മശ്രീ ,സ്വാതന്ത്രസമര സേനാനികൾക്കുള്ള കോഴിക്കോട് സർവകലാശാലയുടെ ഓണർ ഡോക്ടറേ തുടങ്ങിയവ അദ്ദേഹത്തിന് ലഭിച്ച പ്രധാന പുരസ്കാരങ്ങളാണ്

Angel Neena Dipu

IX B

# മികവുകൾ



മാർത്തോമ്മാ ഹൈസ്കൂൾ
ആറുമുറിക്കട, കുണ്ടറ
Ph: 0474 2528278 mths39055@gmail.com
പഠനാനുബന്ധ പ്രവർത്തനങ്ങളിലെ മികച്ച നേട്ടം
KALOLSAVAM WINNERS
Sangha Nrutham III A GRADE
Sangha gaanam മൂന്നാം സ്ഥാനം
Sangha Nrutham A GRADE
Deshabhakthi gaanam II A GRADE
Vande Matharam A GRADE
Sangha gaanam A GRADE
Vattappattu A GRADE
Group song Urdu II A GRADE
ജില്ലാതലത്തിലേക്ക് അർഹത നേടിയവർ
Aaisha Nourin .A
ADITHYA LAL
NEERAJ KRISHNAN .S
Neeraj .M
Muhammed Fayiz
Riya Roy
Akshaya Santhosh
SPORTS WINNERS
സബ്ജില്ലാ തലത്തിലെ ഉയർന്ന സ്ഥാനക്കാർ
Sambhashanam III A GRADE
SCIENCE FAIR A GRADE
SCIENCE FAIR WORKING MODEL - III A GRADE
അഭിനന്ദനങ്ങൾ MANAGEMENT, PTA & STAFF

# മികവുകൾ



കൊല്ലം ജില്ലാ കലോത്സവം
2023_2024
congratulations
Muhammed Fayiz 7B
QuranRecitation A GRADE
MTHS KUNDARA




കൊല്ലം ജില്ല
കലോത്സവം
MTHS KUNDARA
Akshaya Santhosh 7B
UP നാടോടി നൃത്തം A ഗ്രേഡ്
CONGRATULATIONS





കൊല്ലം ജില്ല
കലോത്സവം
MTHS KUNDARA
Aaisha Nourin A 9B
HS മലയാളം കഥാരചന B ഗ്രേഡ്
CONGRATULATIONS




കൊല്ലം ജില്ല
കലോത്സവം
MTHS KUNDARA
Riya Roy 7B
UP മലയാളം കഥാരചന C ഗ്രേഡ്
CONGRATULATIONS

# മികവുകൾ


കൊല്ലം ജില്ല
കലോത്സവം
MTHS KUNDARA
Neeraj M 9A
HS CARTOON A GRADE
CONGRATULATION


MTHS KUNDARA
വിദ്യാരംഗം കലാ സാഹിത്യവേദി
കൊട്ടാരക്കര ഉപജില്ല-
ജില്ലാതലത്തിലേക്ക്
തെരഞ്ഞെടുക്കപ്പെട്ടവർ
Arushi S
Akshaya Santhosh
കവിതാരചന HS
അഭിനയം UP
Congratulations


ശാസ്ത്രരംഗം
കൊട്ടാരക്കര
സബ്ജില്ല
MTHS
KUNDARA
Congratulations!
NITHUL NIXSON
IX B
HS WORK EXPERIENCE
SNEHA SAJAN
VII B
UP SCIENCE
ജില്ലാതലത്തിലേക്ക്
തിരഞ്ഞെടുക്കപ്പെട്ട
വിജയികൾ

